ഒഴിവുകൾ ഒഡെപെക്കിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിലേക്കുള്ള നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആസ്ഥാന ഓഫീസിന്റെ വിപുലീകരണത്തിനായി തിരുവനന്തപുരത്തെ വഴുതക്കാട് കാർമൽ ടവേഴ്സിൽ ഉദ്ദേശം 4000 സ്ക്വയർ ഫീറ്റിൽ ആധുനിക സംവിധാനത്തോടെ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഡൽഹിയിൽ ലയ്സൺ ഓഫീസ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സൗദി അറേബ്യ, ഒമാൻ, യു.എ.ഇ., ഖത്തർ മുതലായ രാജ്യങ്ങളിലെ ആരോഗ്യവകുപ്പിന്റെ നിയമനങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

(ബി) 269 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്.

(സി) എമിഗ്രേഷൻ നിയമ ഭേദഗതി പ്രാബല്യത്തിലാകുന്നതിനുമുമ്പ് വിദേശത്ത് ജോലി ലഭിച്ചുപോകുന്ന നഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസിന്റെ ആവശ്യമില്ല.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

5 (*65) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അതിന്റെ ഭാഗമായി പ്രസ്തുത കോളനികളിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു:

1. ഇന്റേണൽ റോഡ് /ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ
11. സ്ഥലം വികസിപ്പിക്കൽ/സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാന ദായക പദ്ധതി/മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)
15. കോളനിയിലേക്കാവശ്യമായിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ

(സി) 2012-13 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം പ്രസ്തുത വർഷത്തിൽ തെരഞ്ഞെടുത്ത 113-ഉം 2013-14 വർഷം തെരഞ്ഞെടുത്ത 102 കോളനികളുമടക്കം ആകെ 215 കോളനികളിൽ വികസന പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിവരുന്നു. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതിയിൻ കീഴിൽ പുതുതായി കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികളുടെ പട്ടികയിൽനിന്നും എം.എൽ.എ./എം.പി. തെരഞ്ഞെടുക്കുന്ന ഏജൻസിയെ ഏൽപ്പിക്കുന്നു. ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ./എം.പി. (ചെയർമാൻ), വാർഡ് മെമ്പർ, എസ്.സി. പ്രൊമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും ഒരു പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റി, അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം പദ്ധതി

6 (*66) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നല്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരള സർക്കാർ മിഷൻ 676-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം മുതൽ "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം" പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവത്കരിക്കുന്നതിനുവേണ്ടി മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം"

LIBRARY ARCHIVES Kerala Legislative Assembly